പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 8 09.03.2015 ൽ മറുപടിക്ക്

# ഇന്റർനാഷണൽ ഹബ്ബുകളായി പരിഗണിക്കുന്ന വിമാനത്താവളങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ :<br>,, എം. എ. ബേബി :<br>,, എസ്. ശർമ്മ :<br>,, കെ. സുരേഷ് കുറുപ്പ് : | | കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | |
| (എ) | കേരളത്തിലെ ഏതെങ്കിലും വിമാനത്താവളം ഇന്റർനാഷണൽ ഹബ്ബുകളായി പരിഗണിക്കുന്ന വിമാനത്താവള ങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ കരട് പട്ടികയിൽ കേരളത്തിലെ വിമാനത്താവളം ഉൾപ്പെടുത്താതെ പോയത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധി ച്ചിട്ടുണ്ടോ; | (ബി) | കരട് പട്ടികയിൽ രാജ്യത്തെ മെട്രോ പോളിറ്റൻ വിമാനത്താവളങ്ങളെ മാത്രം അന്താരാഷ്ട്ര വിമാനത്താവള ഹബ്ബ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയതിനാലാണ് കേരളത്തിലെ വിമാനത്താവളം ഉൾപ്പെടാതെ പോയത്. |
| (സി) | ഇത് സംസ്ഥാനത്തിന്റെ വികസനത്തെയും യാത്രാനിരക്കിനെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം അറിയാമോ ; | (സി) യും (ഡി) യും (ഇ) യും | ഇത് സംസ്ഥാനത്തിന്റെ വികസനത്തെയും യാത്രാനിരക്കിനെയും പ്രതികൂലമായി ബാധിക്കും എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ട്. രാജ്യത്തെ വ്യോമയാന മേഖലയുടെ കുതിപ്പിന് തന്നെ വഴിവച്ച ആദ്യത്തെ പി.പി.പി വിമാനത്താവളമായ Cochin International Airport Limited (CIAL) രാജ്യത്തെ അന്തർദേശിയ യാത്രി കരുടെ എണ്ണത്തിൽ നാലാം സ്ഥാനവും ആകെയുള്ള യാത്രികരുടെ എണ്ണത്തിൽ ഏഴാം സ്ഥാനവും അലങ്കരിക്കുന്നു. സിയാൽ ഉപയോഗപ്പെടുത്തുന്ന പത്ത് |
| (ഡി) | വിമാന യാത്രക്കാർ അമിത യാത്രാനിരക്ക് നൽകേണ്ടി വരുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (ഇ) | കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ കരട് നയത്തിന്മേൽ സംസ്ഥാനം നൽകിയ പ്രതികരണം എന്തായിരുന്നു | | |

| | | | |
|---|---|---|---|
| | വിശദമാക്കാമോ ? | | ശതമാനം യാത്രികർ 202 വിദേശ രാജ്യങ്ങളിൽ നിന്നുള്ള അന്തർദേശീയ യാത്രികരാണ്. 2021 നോടെ 6 ദശലക്ഷം അന്താരാഷ്ട്ര യാത്രികർ ഉൾപ്പെടെ 12 ദശലക്ഷം യാത്രക്കാരും 2028 ഓടെ 18 ദശലക്ഷം യാത്രക്കാരും സിയാൽ ഉപയോഗപ്പെടുത്തുമെന്നാണ് പഠന വിധേയമാക്കിയിരിക്കുന്നത് ഇതിനനുസരിച്ച് 1000 കോടി രൂപ മുതൽമുടക്കിൽ തുടക്കം കുറിച്ച് ആധുനിക വൽക്കരണവും അടിസ്ഥാന സൗകര്യവികസനവും 2016 ൽ പൂർത്തിയാകും. വിവിധ ഹൈവേകളുമായുള്ള ട്രാഫിക് കണക്റ്റിവിറ്റി സിയാലിൽ റെയിൽവേ സ്റ്റേഷനോടു കൂടിയുള്ള റെയിൽ കണക്റ്റിവിറ്റി, ഉൾനാടൻ ജലഗതാഗത കണക്റ്റിവിറ്റി, മെട്രോ കണക്ടിവിറ്റി എന്നീ സാധ്യതകളെ ഉപയോഗപ്പെടുത്തിയുള്ള സമഗ്ര വികസനമാണ് സിയാൽ വിഭാവനം ചെയ്തിട്ടുള്ളത്.<br>സംസ്ഥാനത്തെ മറ്റ് രണ്ട് എയർപോർട്ടുകളായ തിരുവനന്തപുരം, കോഴിക്കോട് ഉടൻ പൂർത്തിയാക്കുന്ന കണ്ണൂർ, സമീപ എയർപോർട്ടുകളായ തൃച്ചി, മംഗലുരൂ, കോയമ്പത്തൂർ, സേലം, മധുര എന്നീ എയർപോർട്ടുകൾ സിയാലുമായി 150 മുതൽ 350 കിലോമീറ്റർ മാത്രം ദൂരത്തിലുള്ളതും റോഡുമാർഗ്ഗം രണ്ടര മുതൽ അഞ്ച് മണിക്കൂർ വരെ യാത്രാ സമയവും വ്യോമമാർഗ്ഗം 20 മുതൽ 40 മിനിട്ട് യാത്രാ സമയവും മാത്രമാണുള്ളത്. ഇക്കാര്യങ്ങൾ പരിഗണിച്ച് സംസ്ഥാനത്തെയും |

| | | | |
|---|---|---|---|
| | | | ദക്ഷിണേന്ത്യയിലെയും എയർ കണക്റ്റിവിറ്റിയും വ്യോമായ വികസനവും മുൻനിർത്തി സിയാലിനെ കരട് വ്യോമാന നയത്തിൽ വിഭാവനം ചെയ്യുന്ന International Hub Category യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30.12.2014 ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ